**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 608 04.02.2020-ലെ മറുപടിയ്ക്ക്

## ഓങ്ങല്ലൂർ പഞ്ചായത്തിന് അനുവദിച്ച കളിസ്ഥലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | 2017 - 18 സംസ്ഥാന ബജറ്റിൽ ഓങ്ങല്ലൂർ പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള കളിസ്ഥലവുമായി ബന്ധപ്പെട്ട നടപടികൾ ഏതുവരെയായി എന്നു വിശദീകരിക്കാമോ; | (എ) | ഓങ്ങല്ലൂർ പഞ്ചായത്ത് ഗ്രൗണ്ട് നവീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിൽ 1 കോടി രൂപ എസ്റ്റിമേറ്റ് അടങ്കലായും ടോക്കൺ പ്രൊവിഷനായി 100 രൂപയും പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിന് കായിക എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ബഹു.എൽ.എൽ.എയുടെ നിർദ്ദേശ പ്രകാരം തയ്യാറാക്കിയ 4 കോടി രൂപയുടെ എസ്റ്റിമേറ്റ് അടങ്കൽ പ്രതീക്ഷിക്കുന്ന മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തി ഒന്നാം ഘട്ടത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 1 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് അടങ്കൽ പ്രതീക്ഷിക്കുന്ന ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ മൈതാനത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ? | (ബി) | ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**